## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1456** **02.07.2015 ലെ മറുപടി**

**<u>നഴ്സിംഗ് റിക്രൂട്ട്മെന്റിലെ പുതിയ വ്യവസ്ഥകൾ</u>**

ചോദ്യം

ശ്രീ. എം.വി. ശ്രേയാംസ് കുമാർ
ശ്രീ. റോഷി അഗസ്റ്റിൻ
ഡോ.എൻ.ജയരാജ്

മറുപടി

ശ്രീ. കെ.സി. ജോസഫ്
(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് നഴ്സിംഗ് പഠനം പൂർത്തിയാക്കിയവർക്ക് വിദേശത്ത് തൊഴിൽ നേടുന്നതിനായി നടത്തുന്ന റിക്രൂട്ട്മെന്റുകൾക്ക് കേന്ദ്രസർക്കാർ പുതിയ വ്യവസ്ഥകൾ കൊണ്ടുവന്നിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | ഉണ്ട്. വിദേശ രാജ്യങ്ങളിലേക്ക് തൊഴിൽതേടി പോകുന്ന ഇന്ത്യൻ നഴ്സുമാരുടെ സുരക്ഷിതത്വം മുൻനിർത്തിയും വിദേശ രാജ്യങ്ങളിലെ തൊഴിൽ ചൂഷണവും പീഡനവും തടയുക എന്ന ലക്ഷ്യത്തോടെയും 18 ഇ.സി.ആർ രാജ്യങ്ങളിലേയ്ക്കുള്ള ഇന്ത്യൻ നഴ്സുമാരുടെ നിയമനം 31.05.2015 മുതൽ കേരള സർക്കാർ ഏജൻസികളായ നോർക്ക റൂട്ട്സ്, ഓവർസീസ് ഡവലപ്മെന്റ് ആന്റ് എംപ്ലോയ്മെന്റ് പ്രൊമോഷൻ കൺസൽട്ടന്റ്സ് (ODEPC) , തമിഴ്നാട് സർക്കാർ ഏജൻസിയായ ഓവർസീസ് മാൻപവർ കോർപ്പറേഷൻ ലിമിറ്റഡ് (OMC Ltd) , ചെന്നൈ എന്നിവർ മുഖാന്തിരം മാത്രമേ അനുവദിക്കുകയുള്ളൂ എന്ന് നിഷ്കർഷിച്ച് കേന്ദ്ര പ്രവാസി കാര്യ മന്ത്രാലയം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിനായി വിദേശ രാജ്യത്തെ തൊഴിലുടമ സർക്കാരിന്റെ 'ഇമൈഗ്രേറ്റ്' (emigrate ) സംവിധാനത്തിൽ |

| | | | |
|---|---|---|---|
| | | | രജിസ്റ്റർ ചെയ്യുകയും ആയത് പ്രസ്തുത രാജ്യത്തെ ഇന്ത്യൻ നയതന്ത്ര കാര്യാലയം പരിശോധിച്ച് അനുമതി നൽകുന്നതിനനുസരിച്ച് നിയമനം നടത്തുകയും ചെയ്യാം. |
| (ബി) | എങ്കിൽ പ്രസ്തുത വ്യവസ്ഥകൾ വിദേശത്ത് ജോലി തേടുന്ന നഴ്സുമാരുടെ ജോലി സാധ്യതയെ എപ്രകാരം ബാധിക്കുമെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) യും (സി) യും | വിദേശ രാജ്യങ്ങളിലേയ്ക്കുള്ള റിക്രൂട്ട്മെന്റ് സുതാര്യവും ആക്ഷേപ രഹിതവും കാര്യക്ഷമമായും നടപ്പിലാക്കുക എന്ന ഉദ്ദേശ്യത്തോടെയാണ് കേന്ദ്ര സർക്കാർ പുതിയ വ്യവസ്ഥകൾ കൊണ്ടുവന്നിട്ടുള്ളത്. പ്രസ്തുത വ്യവസ്ഥകൾ നടപ്പിലാക്കുന്നതു മൂലം സുരക്ഷിത കുടിയേറ്റം ഉറപ്പാക്കാനും തൊഴിൽ ചൂഷണവും പീഡനവും ഇല്ലാതാക്കാനും ഭീമമായ തുക ഈടാക്കി നിയമനം നടത്തുന്ന റിക്രൂട്ടിംഗ് ഏജൻസികളുടെ ചൂഷണം അവസാനിപ്പിക്കാനും കൂടുതൽ പേർക്ക് തൊഴിൽ സാദ്ധ്യത ഉറപ്പ് വരുത്താനും കഴിയുമെന്നാണ് വിലയിരുത്തിയിട്ടുള്ളത്. |
| (സി) | ഇവരുടെ റിക്രൂട്ട്മെന്റ് വ്യവസ്ഥകൾ സുതാര്യവും കാര്യക്ഷമവുമാക്കുന്നതിന് കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തുന്നതിന് നടപടി സ്വീകരിയ്ക്കുമോ? | | |

സെക്ഷൻ ഓഫീസർ